ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

നം.ഇ.എക്സ്.IV(3)/D cert/2013

തീയതി: 15/01/2014

# സർക്കുലർ

വിഷയം : ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് അപേക്ഷ, ഫീസ് ഘടന എന്നിവ സംബന്ധിച്ച് സ്പഷ്ടീകരണം.

സൂചന : 1. സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നം. 173/2013/പൊ.വി.വ. തീയതി 20.05.2013.

2. ജി.ഒ.(എം.എസ്.)നം.207/2013/പൊ.വി.വ. തീയതി 08.07.2013.

സൂചനപ്രകാരം ഹയർസെക്കന്ററി പരീക്ഷയുടെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ / മാർക്ക് ലിസ്റ്റുകൾ ലഭിക്കുന്നതിന് ഒടുക്കേണ്ട ഫീസ് 01.06.2013 മുതൽ പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

1. ഡ്യൂപ്രിക്കേറ്റ് സർട്ടിഫിക്കറ്റ് / മാർക്ക് ലിസ്റ്റ് ഒന്നിന് ₹ 300/- (മുന്നൂറ് രൂപ മാത്രം)

ഓരോ പരീക്ഷയുടെയും ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസറ്റ് / സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ₹ 300/- വീതം അടയ്ക്കണം. ഉദാഹരണമായി മാർച്ചിലെ സർട്ടിഫിക്കറ്റ് മാത്രമാണെങ്കിൽ ₹ 300/- മാത്രം 'സേ' പരീക്ഷയുടെ സർട്ടിഫിക്കറ്റും കൂടി ആവശ്യമെങ്കിൽ ആകെ 300+300 = 600 രൂപ അടയ്ക്കണം.

2. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നഷ്ടപ്പെടുത്തിയ ശേഷം വീണ്ടും മറ്റൊരു ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുമ്പോൾ സർട്ടിഫിക്കറ്റിന് ഒന്നിന് 400/- രൂപ.

അപേക്ഷാഫോറത്തിനും സമർപ്പിക്കേണ്ട ഫസ്റ്റ് ക്ലാസ് ജുഡ്യീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം 25/- രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ തന്നെയായിരിക്കണം. അല്ലാത്തപക്ഷം പ്രസ്തുത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

3. മേൽപറഞ്ഞിരിക്കുന്ന ഫീസുകൾ കേരളാസർക്കാരിന്റെ ഏതെങ്കിലും ട്രഷറിയിൽ "0202-01-102-97(03)" other receipts എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാനും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിന് 0471 - 2323192 എന്ന നമ്പറിൽ വിളിക്കുക.

ജോയിന്റ് ഡയറക്ടർ (പരീക്ഷാവിഭാഗം)